## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 36** **27.09.2016- ൽ മറുപടിക്ക്**

**"വ്യവസായ നയം"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം** | | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ) & ബി) | ഉണ്ട്. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) എന്നീ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| ബി) | പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അതിവേഗ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | ഇപ്പോൾ ഉള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | സി) | ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള Ease of Doing Business Initiative – ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നു വരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർ ആയി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.പി.എം.ജി എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.<br>സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്.<br><br>(i) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.<br><br>(ii) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏകജാലക ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.<br><br>(iii) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.<br><br>(iv) വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.<br><br>(v) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകി വരുന്നു.<br><br>(vi) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ജില്ലകൾ തോറും മിനി ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**